**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 362** **05-12-2022 - ൽ മറുപടിയ്ക്ക്**

**ലൈഫ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | വ്യത്യസ്ത കുടുംബങ്ങളായി കഴിയേണ്ട ഒരു കുടുംബത്തിലെ അംഗങ്ങളെല്ലാം ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ടതിനാൽ ലൈഫ് പദ്ധതിയുടെ ആനുകൂല്യം ഒരാൾക്ക് മാത്രം ലഭിക്കുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ബി) | 06.09.2019-ലെ സ.ഉ (സാധാ) നം. 1946/2019/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ, ഫിഷറീസ് വിഭാഗത്തി ൽപ്പെട്ട കുടുംബങ്ങൾക്ക് ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ടവരെ ഒരു കുടുംബമായി പരിഗണിക്കണമെന്ന വ്യവസ്ഥയിൽ ഇളവ് അനുവദി ക്കുകയും ടി വിഭാഗത്തിൽപ്പെട്ട വ്യത്യസ്ഥ കുടുംബങ്ങളായി കഴിയേണ്ട അംഗങ്ങളെ പ്രത്യേക കുടുംബമായി പരിഗണിച്ച് ഭവന നിർമ്മാണാനുകൂല്യം നൽകുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ 2017-ൽ തയ്യാറാക്കിയ ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാനാകാതെ പോയ അർഹരായ കുടുംബങ്ങളെ കണ്ടെത്തുന്നതിനായി , 27.07.2020-ലെ സ.ഉ (കൈ) നം. 112/2020/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ലൈഫ് 2020 ഓൺലൈൻ അപേക്ഷ ക്ഷണിച്ച ഘട്ടത്തിലും പട്ടികജാതി, പട്ടികവർഗ്ഗ, ഫിഷറീസ് വിഭാഗത്തിൽപ്പെട്ടവരിൽ വ്യത്യസ്ഥ കുടുംബമായി കഴിയേണ്ടവർ ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ടി അംഗങ്ങളെ പ്രത്യേകം കുടുംബമായി പരിഗണിച്ചാണ് ലൈഫ് 2020 ഗുണഭോക്തൃ പട്ടിക തയ്യാറാക്കിയിട്ടുള്ളത്. |
| (സി) | അർഹരായ എല്ലാവർക്കും വീട് ലഭിക്കുന്ന തരത്തിൽ മാനദണ്ഡത്തിൽ ഭേദഗതി വരുത്തുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ? | (സി) | നിലവിൽ അപേക്ഷിച്ചവരിൽ അർഹരായ എല്ലാവരും ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ മാനദണ്ഡത്തിൽ ഭേദഗതി ആവശ്യമായി വരുന്നില്ല. |

സെക്ഷൻ ഓഫീസർ